പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6889 — 10.07.2014 -ലെ മറുപടിക്ക്.

## ക്ഷേമനിധികളിലെ വ്യാജ അംഗത്വം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. വി. റ്റി. ബൽറാം :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. എം. എ. വാഹീദ് : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ക്ഷേമനിധികളിൽ വ്യാജ അംഗത്വമുള്ളവരെ കണ്ടു പിടിക്കുവാൻ സംവിധാനമുണ്ടോ ; വിശദമാക്കുമോ ; | (എ) ക്ഷേനിധി ബോർഡുകളുടെ ഡിജിറ്റൈസേഷന്റെ ഭാഗമായി അംഗങ്ങളായ തൊഴിലാളികളുടെ പേര് വിവരങ്ങൾ അഡ്വാൻസ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റത്തിൽ ഉൾപ്പെടുത്തിയതിലൂടെ ഒന്നിലധികം ക്ഷേമനിധിയിൽ അംഗത്വമുള്ളവരെ കണ്ടെത്താൻ കഴിയുന്ന സംവിധാനം നിലവിലുണ്ട്. |
| (ബി) ക്ഷേമനിധികളിലെ വ്യാജ അംഗത്വം കണ്ടുപിടിച്ച് റദ്ദ് ചെയ്യാൻ എന്തെല്ലാം നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങളുടെ ഡിജിറ്റൈസേഷൻ നടപടിയിൽ യു.ഐ.ഡി, ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ ഉൾപ്പെടുത്തിയതിലൂടെ ഡ്യൂപ്ലിക്കേഷനാണെന്ന് കണ്ടെത്തിയ അംഗത്വം റദ്ദ് ചെയ്യാൻ സാധിച്ചിട്ടുണ്ട്. |
| (സി) ഇതിനായി ആധാർ കാർഡുകളുമായി ക്ഷേമനിധി അംഗങ്ങളെ ബന്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ; | (സി) പരിശോധിക്കുന്നതാണ്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) ക്ഷേമനിധി ബോർഡുകളിലെ വ്യാജ അംഗത്വം തടയുകയെന്ന ലക്ഷ്യത്തോടെ, ഡിജിറ്റൈസേഷന്റെ ഭാഗമായി അംഗങ്ങളുടെ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങളും മറ്റു വിവരങ്ങളും കമ്പ്യൂട്ടറിൽ അപ്‌ലോഡ് ചെയ്യുന്നതിനൊപ്പം അവരുടെ ആധാർ നമ്പർ കൂടി ഉൾപ്പെടുത്തുന്നതിന് അക്ഷയകേന്ദ്രങ്ങൾക്ക് നിർദ്ദേശം നൽകുകയും അപ്രകാരം ആധാർ നമ്പർ കൂടി ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. |

Deepa

സെക്ഷൻ ഓഫീസർ